## മാനേജ്മെന്റ് ക്വോട്ടയിൽ റാങ്ക് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

I. മതബോധനം (180 മാർക്ക്)

A. സൺഡേ സ്കൂൾ

(i) മാർക്കിന്റെ അടിസ്ഥാനത്തിൽ

| ക്ലാസ്സ് | 40-49 % | 50-59% | 60 -69% | 70% നു മേൽ |
|---|---|---|---|---|
| 10 | 10 | 20 | 30 | 40 |
| 11 | 10 | 20 | 30 | 40 |
| 12 | 10 | 20 | 30 | 40 |

പഠനം പൂർത്തിയാക്കിയ ക്ലാസ്സിന്റെ മാർക്ക് മാത്രം പരിഗണിച്ചാൽ മതി.

(ii) ഹാജർ അടിസ്ഥാനത്തിൽ പഠനം പൂർത്തിയാക്കിയ ക്ലാസ്സിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ

| 60- 69% | 70% നു മേൽ | 80 % നു മേൽ | 90% നു മേൽ |
|---|---|---|---|
| 5 | 10 | 15 | 20 |

B. 10-12-ാം ക്ലാസ്സിലെ വേദപാഠത്തിനു ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ

| | |
|---|---|
| 40 - 49% -10 മാർക്ക് | 50 -59 % - 20 മാർക്ക് |
| 60 - 69% -25 മാർക്ക് | 70% നു മേൽ -30 മാർക്ക് |

C. മതബോധന ക്ലാസ്സുകൾ ഇല്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന അപേക്ഷകർക്ക് സൺഡേസ്കൂളിൽ 10-ാം ക്ലാസ്സ് പരീക്ഷക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ Ia ലെ പട്ടികയിൽ നൽകിയിരിക്കുന്ന മാർക്കിന്റെ 50% ലഭിക്കും.

D. അപേക്ഷകൻ നേടിയിട്ടുള്ള ദൈവശാസ്ത്ര ഡിഗ്രി,ഡിപ്ലോമ, സർട്ടിഫിക്കറ്റു കോഴ്സുകൾക്ക് നൽകാവുന്ന കൂടിയ മാർക്ക് 30. C.L.T., Y. A.T.P, Y.B.C. P.O.C. Course, Theology Diploma എന്നിവക്ക് ഒരു വർഷ കോഴ്സിന് 10 മാർക്ക് വീതം.

II. KCSL,CML,Yuvadeepti, CSM, തുടങ്ങിയ കത്തോലിക്ക ഭക്തസംഘടനകളിലുള്ള സജീവ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ അംഗമെങ്കിൽ 5 മാർക്ക്, ഭാരവാഹിയാണെങ്കിലോ, ആയിരുന്നെങ്കിലോ അതിന്റെ ക്രമമനുസരിച്ച് താഴെപറയുന്ന വിധത്തിലുള്ള മാർക്കിനർഹരായിരിക്കും.

ഇടവക/സ്ഥാപനം -10 | അതിരൂപത -20

ഫൊറോന - 15 | സംസ്ഥാനം/ അന്തർസംസ്ഥാനം-25

സംഘടന നടത്തിയിട്ടുള്ള ഏതെങ്കിലും ക്യാമ്പിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ മാത്രം ഈ മാർക്കുകൾ പരിഗണിച്ചാൽ മതി.

III. സൺഡേസ്കൂൾ, കെ.സി.എസ്.എൽ. യുവദീപ്തി, സി എം എൽ ഇവ നടത്തുന്ന കലാമൽസരങ്ങളുടെ അടിസ്ഥാനത്തിൽ .

| | I | II | III |
|---|---|---|---|
| ഇടവകതലം | 5 | 3 | 1 |
| ഫൊറോന തലം | 10 | 5 | 3 |
| രൂപതാതലം | 15 | 10 | 5 |
| സംസ്ഥാനതലവും, അതിനു മുകളിലും | 20 | 15 | 10 |

IV. മതാദ്ധ്യാപന രംഗത്തുള്ള അപേക്ഷകന്റെ സേവനം.(20 മാർക്ക്)

ഓരോ വർഷത്തെയും സേവനത്തിന് 5 മാർക്ക് വീതം 20 മാർക്ക് വരെ. അപേക്ഷകൻ സി.റ്റി.പി. കോഴ്സിൽ പങ്കെടുത്താൽ മാത്രം ഇതു കണക്കാക്കിയാൽ മതി.

V. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ.

| വളരെ നിർദ്ധനൻ | നിർദ്ധനൻ | ശരാശരി സാമ്പത്തികം |
|---|---|---|
| 30 | 25 | 20 |

VI. അപേക്ഷകയുടെ കൗദാശിക ജീവിതം- വികാരി നൽകുന്ന സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ

| Excellent | Very Good | Good | Satisfactory | Poor |
|---|---|---|---|---|
| 20 | 15 | 10 | 5 | Nil |

VII. മാതാപിതാക്കളുടെ സഭാ സേവനത്തിന്റെ അടിസ്ഥാനത്തിൽ നൽകാവുന്ന കൂടിയ മാർക്ക് -20

(i) രൂപതാവക സ്ഥാപനങ്ങളിലോ, ഡിപ്പാർട്ടുമെന്റിലെ ടീച്ചിഗ് ടീമിലോ, രൂപതാ പാസ്റ്ററൽ കൗൺസിലിലോ ഇടവകകളിലെ പ്രതിപുരുഷൻ, കൈകാരൻ, കപ്യാർ എന്നീ നിലകളിലോ മറ്റു തരത്തിലോ സേവനമനുഷ്ഠിച്ചിട്ടുള്ളവർ ആണെങ്കിൽ 20 മാർക്ക്

(ii). രൂപതയിലെ അംഗീകൃത കത്തോലിക്കാ സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്നവരാണെങ്കിൽ 20 മാർക്ക്

(iii) .മാതാപിതാക്കൾ, സൺഡേസ്കൂൾ മതാദ്ധ്യാപകർ ആയിട്ട് 5 വർഷം സേവനം അനുഷ്ഠിക്കുന്നവർ ആണെങ്കിൽ 10 മാർക്ക്. 5 ൽ കൂടുതൽ ഉള്ള ഓരോ വർഷത്തിനും 2 മാർക്ക് വീതം. ഈ ഇനത്തിൽ നൽകാവുന്ന കൂടിയ മാർക്ക് 20.

VIII.കുടുംബത്തിലെ കുട്ടികളുടെ എണ്ണം അനുസരിച്ച് മാർക്ക് നൽകുക. പരമാവധി - 20

IX.ഇടവക വികാരിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനും മാതാപിതാക്കൾക്കും നൽകാവുന്ന പരമാവധി മാർക്ക് 30 (സഭാവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരേയോ, അവരുടെ മക്കളേയോ, മാനേജുമെന്റ് ക്വോട്ടായിൽ അഡ്മിഷനു പരിഗണിക്കുന്നതല്ല.)

X. ദളിത് കത്തോലിക്കർക്ക് 10% സീറ്റ് സംവരണം ചെയ്തിരിക്കുന്നു. മാനേജുമെന്റ് ക്വോട്ട നിശ്ചയിക്കുന്നതിനുള്ള മനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ദളിത് കത്തോലിക്കാ സംഘടനകളിലുള്ള പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലും അർഹരായ ദളിത് കത്തോലിക്ക അപേക്ഷകർ ഇല്ലെങ്കിൽ അവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ മറ്റുള്ളവർക്ക് അർഹത അനുസരിച്ച് നൽകുന്നതാണ്.

XI. മാനേജർ നടത്തുന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാജേർക്ക് നൽകാവുന്ന പരമാവധി മാർക്ക് 50.

XII. അപൂർണ്ണമായതോ, തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തിയതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

XIII. തയ്യാറാക്കുന്ന ലിസ്റ്റ് ക്യാൻസൽ ചെയ്യുന്നതിനോ, അവശ്യമായ മാറ്റം വരുത്തുന്നതിനോ മറ്റു പ്രത്യേക പരിഗണന നൽകുന്നതിനോ, മാനേജുമെന്റിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.